# കേരളപാഠാവലി 10

## യൂണിറ്റ് 3 - സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

മനുഷ്യമനസ്സിലുണ്ടാകുന്ന സംഘർഷങ്ങളും സന്ദിഗ്ദ്ധതകളുമാണ് സാഹിത്യകാരൻ അവരുടെ സൃഷ്ടികളിലേക്ക് പകർത്തുന്നത്. കവിതയായും നോവലായും ചിത്രമായുമെല്ലാം ഇത്തരം അനുഭവങ്ങൾ ചിത്രീകരിക്കപ്പെടുമ്പോൾ ആസ്വാദകനത് പുതിയൊരനുഭവമാകുന്നു. ജീവിതത്തിലെ ഉത്തരം കിട്ടാത്ത സംഘർഷാത്മകതകളാണ് ലോകത്തിലെ മികച്ച കൃതികളിലെല്ലാം നിറഞ്ഞു നിൽക്കുന്നത്. അഥവാ അവയിൽ നിന്നാണ് മികച്ച കൃതികളെല്ലാം പിറവിയെടുത്തത്. അത്തരം കൃതികളിലെ ചെറിയ ഭാഗങ്ങളാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 7 പ്രലോഭനം

**ഉണ്ണായിവാര്യർ**

- "അർത്ഥപുഷ്ടിയും ശബ്ദപുഷ്ടിയും നളചരിതത്തിലെപ്പോലെ മറ്റൊരു മണിപ്രവാളകൃതിയിലും ഒന്നുപോലെ ചേർന്നു യോജിച്ചിട്ടുണ്ടോ എന്നു സന്ദേഹമാണ് " - ഏ.ആർ രാജരാജവർമ
- "അർത്ഥവും ഭാഷയും ആംഗ്യവൽക്കരിക്കപ്പെടുന്ന സൗന്ദര്യാനുഭൂതി നളചരിതകാരൻ മാത്രമേ നൽകുന്നുള്ളു ആട്ടക്കഥയിൽ."
  - ഡോ.കല്പറ്റ ബാലകൃഷ്ണൻ
- "ഏതായാലും ആ ഒരോറ്റ കൃതി മതി,ഏതു കവിയുടെയും യശസ്സ് എന്നുമെന്നും പുലർത്താൻ.അഗാധമായ ജീവിതാവബോധവും അവികലമായ കലാമർമ്മജ്ഞതയും പ്രതിഫലിപ്പിക്കുന്ന നളചരിതം ,അന്നുവരെയുണ്ടായിരുന്ന മലയാളത്തിൽ ഭാസുരമായ ഒരു വ്യതിയാനം സൃഷ്ടിച്ചു."
  - എൻ കൃഷ്ണപിള്ള

### നളചരിതവും ഉണ്ണായിവാര്യരും.........

- ✓ ഉണ്ണായിവാര്യരുടെ പ്രസിദ്ധമായ ആട്ടക്കഥയാണ് നളചരിതം ആട്ടക്കഥ.
- ✓ നളചരിതം ആട്ടക്കഥ ആട്ടക്കഥാസാഹിത്യത്തിൽ പ്രഥമസ്ഥാനത്തിന് അർഹമായ കൃതിയാണെന്ന് സാഹിത്യനിരൂപകർ വിലയിരുത്തുന്നു.
- ✓ മഹാഭാരതം വനപർവത്തിൽ 52 മുതൽ 79 വരെയുള്ള 28 അധ്യായങ്ങളിലായി ചിത്രീകരിക്കപ്പെട്ട നളോപാഖ്യാനത്തെ അടിസ്ഥാനമാക്കിയാണ് നളചരിതം ആട്ടക്കഥ രചിക്കപ്പെട്ടത്.
- ✓ വനവാസകാലത്ത് കഷ്ടപ്പെടുന്ന പാണ്ഡവർക്ക് ബൃഹദേശ്വൻ എന്ന മുനി പറഞ്ഞുകൊടുക്കുന്ന കഥയാണ് നളോപാഖ്യാനം.
- ✓ നളചരിതം ആട്ടക്കഥ നാലുദിവസം കൊണ്ട് ആടിത്തീർക്കാവുന്ന രീതിയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

- ✓ നളചരിതം ഒന്നാം ദിവസം,രണ്ടാദിവസം,മൂന്നാം ദിവസം, നാലാം ദിവസം എന്നിങ്ങനെയാണ് ഇതിന്റെ ഭാഗങ്ങൾ.
- ✓ രണ്ടാം ദിവസത്തിൽ നിന്നും എടുത്ത ഭാഗമാണ് പ്രലോഭനം എന്ന പേരിൽ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ✓ മലയാളത്തിലെ ശാകുന്തളം എന്ന് നളചരിതം ആട്ടക്കഥയെ മുണ്ടശ്ശേരി വിശേഷിപ്പിക്കുന്നു.

## കഥകളിയുടെ ഉത്ഭവ ചരിത്രം

### കൃഷ്ണനാട്ടം

- കേരളത്തിലെ പ്രധാന കലാരൂപമാണ് കൃഷ്ണനാട്ടം
- കോഴിക്കോട് മാനവേദ രാജാവാണ് കൃഷ്ണനാട്ടം രൂപപ്പെടുത്തിയത്.
- ഇത് ജയദേവരുടെ ഗീതാഗോവിന്ദത്തെ അടിസ്ഥാനമാക്കിയാണ് രൂപപ്പെടുത്തിയത്
- എട്ട് ദിവസമെടുത്ത് കളിക്കുന്ന കൃഷ്ണനാട്ടത്തിന് ചിലവ് കൂടുതലാണ്.
- ഇത് നൃത്തപ്രധാനമാണ്
- സംസ്കൃത ഭാഷയ്ക്ക് പ്രാധാന്യം നൽകുന്നു *ശാസ്ത്രീയ കലാരൂപമാണ്

കൃഷ്ണനാട്ടമെന്ന കലാരൂപം കാണാൻ ആഗ്രഹിച്ച കൊട്ടാരക്കര തമ്പുരാൻ മാനവേദ രാജാവിനോട് കൃഷ്ണനാട്ടസംഘത്തെ കൊട്ടാരക്കരയിലേക്ക് അയക്കണമെന്നാവശ്യപ്പെട്ടു. എന്നാൽ കൊട്ടാരക്കരക്കാർക്ക് കൃഷ്ണനാട്ടം കാണാനുള്ള പ്രാപ്തിയായിട്ടില്ലെന്ന് പറഞ്ഞു ദൂതനെയും പരിഹസിച്ചയക്കുകയാണ് മാനവേദരാജാവ് ചെയ്യുന്നത്. ഇതിൽ വാശി പൂണ്ട കൊട്ടാരക്കര തമ്പുരാൻ രാമനാട്ടമെന്ന കലാരൂപത്തിന് രൂപം നൽകി.

### രാമനാട്ടം

- ശാസ്ത്രീയ കലാരൂപമായ രാമനാട്ടം എട്ട് ദിവസം കൊണ്ട് ആടിതീർക്കുന്നു.
- ചെലവ് കൃഷ്ണനാട്ടത്തെ അപേക്ഷിച്ച് വളരെ കുറവ്.
- അഭിനയപ്രധാനം.
- മലയാളഭാഷയ്ക്ക് പ്രാധാന്യമുള്ള മണിപ്രവാളഭാഷ ഉപയോഗിക്കുന്നു.
- കഥാപാത്രങ്ങളുടെ എണ്ണം കൂടുതൽ.

കൃഷ്ണനാട്ടത്തിൽ നിന്നും കൂടിയാട്ടത്തിൽ നിന്നും ചില അംശങ്ങൾ സ്വീകരിച്ച് രാമനാട്ടമെന്ന കലാരൂപം കാലോചിതമായ് പരിഷ്ക്കരിക്കപ്പെട്ടാണ് കഥകളി ഉണ്ടായത്. ഇതിൽ മുഖ്യപങ്ക് വഹിച്ചത് വെട്ടത്ത് രാജാവാണ്.

### അഭിനയങ്ങൾ

| | | |
|---|---|---|
| ആംഗികം | - | അംഗചലനങ്ങൾ കൊണ്ടുള്ള അഭിനയം |
| വാചികം | - | ശബ്ദാഭിനയം |
| സാത്വികം | - | മനോധർമ്മാഭിനയം (ഭാവാഭിനയം) |
| ആഹാര്യം | - | രംഗസജ്ജീകരണം വേഷവിതാനം എന്നിവയാൽ നിർമ്മിക്കപ്പെടുന്ന അഭിനയം |

*ഇവയിൽ ആംഗികം, സാത്വികം, ആഹാര്യം എന്നീ അഭിനയങ്ങൾ കഥകളി നടനും വാചികാഭിനയം പിൻപാട്ടുകാരുമാണ് നിർവ്വഹിക്കുന്നത്.*

കഥകളിയിലെ പിൻപാട്ടുകാരെ രണ്ടായ് തരംതിരിക്കുക.

1) പൊന്നാനി -ഒന്നാം പാട്ടുകാരൻ 2) ശിങ്കിടി - മറ്റു പാട്ടുകാർ

**ഗുണങ്ങൾ**

സത്വഗുണം (നന്മ) -രാമൻ, കൃഷ്ണൻ, നളൻ, പാണ്ഡവന്മാർ, ഇന്ദ്രൻ
രചോഗുണം(നന്മ + തിന്മ) - ദുര്യോധനൻ, രാവണൻ, കാലകേയൻ, ദുശ്ശാസനൻ
തമോഗുണം (തിന്മ) - കലി, കാട്ടാളൻ, ശൂർപ്പണഖ, പൂതന, താടക, സിംഹിക

**വേഷങ്ങൾ**

**1)** പച്ച - സത്വഗുണം- ധീരന്മാരും ശ്രേഷ്ഠരുമായ നായകന്മാരും ഉപനായകന്മാരും
ഉദാഹരണം - രാമൻ, ലക്ഷ്മണൻ, നളൻ, പാണ്ഡവന്മാർ
**2)** കത്തി- രജോഗുണം- വീരരസം അടിസ്ഥാനഭാവം
1) കുറുംകത്തി- രാവണൻ, ദുര്യോദനൻ
2) നെടുംകത്തി- കാലകേയൻ, ഘടോത്കചൻ, ദുശ്ശാസനൻ
**3)** കരി- തമോഗുണം
1) ആൺകരി- കാട്ടാളൻ
2) പെൺകരി - മന്ദര, താടക, സിംഹിക, പൂതന, ശൂർപ്പണഖ, ഹിഡുംബി
**4)** താടി- സത്വരജതമോഗുണങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നുവിധം
1) വെള്ളത്താടി - സത്വഗുണം- ഹനുമാൻ, നരസിംഹം
2) ചെമ്പൻ താടി- രചോഗുണം - ബാലി- സുഗ്രീവൻ - ത്രിഗർത്തൻ- പ്രഹസൻ
3) കറുപ്പ് താടി - തമോഗുണം - കലി
**5)** മിനുക്ക് - സത്വഗുണം- നാരദാദിമുനികൾ, സ്ത്രീകൾ, ബ്രാഹ്മണൻ, ദൂതന്മാർ

**ശ്ലോകം,പദം**

1) ശ്ലോകം - രംഗസന്ദർഭം, കഥാപാത്രങ്ങൾ, കാലഗതിയിലെമാറ്റം തുടങ്ങിയവ വ്യക്ത മാക്കുന്ന കവി വാക്ക്
2) പദം- കഥാപാത്ര സംഭാഷണം

**കഥകളി -ചടങ്ങുകൾ**

**1)** കേളി - (കേളികൊട്ട്) - കഥകളി നടക്കുന്നു എന്ന് അറിയിക്കുവാനുള്ള വാദ്യപ്രയോഗം, ചെണ്ട, ചേങ്ങില, മദ്ദളം, ഇലത്താളം എന്നിവ ഉപയോഗിക്കുന്നു.
**2)** അരങ്ങുകേളി (കേളിക്കൈ) - അരങ്ങത്ത് വെച്ചു നടക്കുന്ന ചടങ്ങ്. വാദ്യക്കാരുടെ പ്രകട നമാണിത്. ചെണ്ടയൊഴിച്ചുള്ള വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നു.
**3)** തോടയം - രംഗപൂജ - തോടയം എടുത്തതിനുശേഷം മാത്രമെ നടന്മാർ അവരുടെ വേഷം ധരിക്കുകയുള്ളു.
**4)** വന്ദനശ്ലോകം - വന്ദനം ചൊല്ലി സ്തുതിക്കുന്നു. വിഘ്നേശ്വരൻ, ശിവൻ, വിഷ്ണു എന്നിവ രെയാണ് സ്തുതിക്കുന്നത്. പാട്ടുകാർ 1) പൊന്നാനി -ഒന്നാം പാട്ടുകാരൻ 2) ശിങ്കിടി- മറ്റു പാട്ടുകാർ വാദ്യം - മദ്ദളം
**5)** പുറപ്പാട് - വന്ദനശ്ലോകത്തിനു ശേഷം കഥാരംഭത്തിലെ പ്രഥമശ്ലോകം ചൊല്ലുന്നതോടെ നായികാനായകന്മാരുടെ പുറപ്പാടായ്. ഈ അവസരത്തിൽ ശംഖനാദമുയർത്താറുണ്ട്. ചെണ്ട യടക്കമുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നു.
**6)** മഞ്ജുതര - കഥാരംഭത്തിനു തൊട്ടുമുൻപേ മഞ്ജുതര കുഞ്ജതല എന്ന അഷ്ടപതി ഗീതം ചൊല്ലുന്ന ചടങ്ങ്.
**7)** കഥാഭിനയം - മഞ്ജുതര കഴിയുന്നതോടെ പ്രധാനവേഷങ്ങൾ രംഗത്തെത്തി അഭിനയം തുടങ്ങും
**8)** ധനാശി - കഥകളി അവസാനിപ്പിക്കുന്ന ചടങ്ങ്

### കഥകളിയിലെ താളങ്ങൾ

ചെമ്പട, ചെമ്പ,,അടന്ത, മുറിയടന്ത, ത്രിപുര, പഞ്ചാരി, ഏകതാളം, എന്നീ എട്ട് താളങ്ങൾ വിളംബം, മധ്യമം, ദ്രുതം എന്നിങ്ങനെ ത്രിവിധ ലയങ്ങളോടെ കഥകളിയിൽ വരുന്നു.

### കഥകളി രാഗങ്ങൾ

തോടി, ദ്വിജാവന്തി, ആഹരി, കല്ല്യാണി, കാമോദരി, ശങ്കരാഭരണം, സാവേരി, സൗരാഷ്ട്രം, മധ്യമാവതി, മുഖരി, ഭൈരവി, മോഹനം, നാട്ടകുറിഞ്ഞി, സാരംഗ

### പല്ലവി , അനുപല്ലവി, ചരണം

1) പല്ലവി - ഓരോ പാട്ടിന്റെയും പദത്തിന്റെയും ആദ്യഖണ്ഡം. പല്ലവി ആവർത്തിച്ചു വരുന്ന ഭാഗമാണ് ഇത്
2) അനുപല്ലവി- പല്ലവിയെ തുടർന്ന് വരുന്ന ഭാഗം, അനുപല്ലവി ഒരു പദത്തിൽ ഒന്നു മാത്രം
3) ചരണം - അനുപല്ലവിക്കുശേഷം വരുന്ന ഗാനഭാഗം

## പാഠത്തിലേക്ക്........

പരസ്പരം കാണാതെ മറ്റുള്ളവർ പറഞ്ഞ കഥകൾ കേട്ട് പ്രണയത്തിലായവരാണ് വിദർഭരാജ്യത്തെ ഭീമസേന മഹാരാജാവിന്റെ മകളായ ദമയന്തിയും ദിഷധരാജ്യത്തെ രാജാവായ നളനും. ദമയന്തിയുടെ സ്വയം വരം നിശ്ചയിച്ചപ്പോൾ നളനും ,ഇന്ദ്രൻ,വരുണൻ തുടങ്ങിയ ദേവൻമാരും സ്വയംവരത്തിനെത്തി.സ്വയംവരത്തിൽ ദമയന്തി നളനെ ഭർത്താവായി സ്വീകരിച്ചു. വിവാഹം കഴിഞ്ഞു മടങ്ങുന്ന ദേവൻമാർ വഴിയിൽ വെച്ച് കലിയുമായി കണ്ടുമുട്ടി. അവരുടെ സംഭാഷണത്തിൽ നിന്നും ദേവൻമാരെ പരിഗണിക്കാതെ വെറും മനുഷ്യനായ നളനെ ദമയന്തി പരിണയയിച്ചതിൽ കുപിതനായ കലി അവരെ പിണക്കി അകറ്റുമെന്ന് ശപഥം ചെയ്തു. അങ്ങനെ ദ്വാപരനെയും കൂട്ടിനളന്റെ രാജധാനിയിൽ എത്തുന്ന കലി നളന്റെ അനുജനായ പുഷ്കരനെ വശത്താക്കി അയാളെ പ്രലോഭിപ്പിച്ച് തന്റെ ലക്ഷ്യം പൂർത്തിയാക്കാൻ ശ്രമിക്കുന്ന ഭാഗമാണ് പാഠത്തിലുള്ളത്.



## പാഠത്തിന്റെ ആശയം

- *കോപമത്സരവശംവദഃ..................ഹരണായ പുഷ്കരം*

  **കോപത്തിനും മത്സരത്തിനും കീഴടങ്ങപ്പെട്ട കലി ദ്വാപരനോടൊപ്പം ഭൂമിയിലേക്ക് വന്നു. പുഷ്കരനു തന്നെ ആപത്തായി തീരാവുന്ന തരത്തിൽ അന്യന്റെ(നളന്റെ) ധനത്തെ അപഹരിക്കാനായി മണ്ടനായ പുഷ്കരനെ കലി പ്രേരിപ്പിച്ചു.**

(നളനെയും ദമയന്തിയെയും പിണക്കിയകറ്റാനായി ദ്വാപരനൊപ്പം കലി ഭൂമിയിലേക്കു വന്നു. അതിനായി കലി കണ്ടെത്തിയ മാർഗം നളന്റെ അനുജനായ പുഷ്കരനെ തന്റെ വഴിയിലേക്ക് കൊണ്ടുവരുക എന്നതാണ്. താൻ പറയുന്നതിനനുസരിച്ച് പ്രവർത്തിക്കുന്ന പുഷ്കരനെ ഉപയോഗിച്ച് നളന്റെ അധികാരം ഇല്ലാതാക്കാൻ കലിശ്രമിക്കുന്നു. പുഷ്കരനെ കാണാൻ ഭൂമിയിലെത്തിയ കലി നളന്റെ ധനത്തെ(അധികാരം മുൾ

പ്പെടെ സർവതും) അപഹരിക്കാനായി മണ്ടനായ പുഷ്കരനെ പ്രേരിപ്പിച്ചു.വിഡ്ഢിയായതുകൊണ്ട് തനിക്കു തന്നെ ഇത് ആപത്തായി തീരുമെന്ന് മനസ്സിലാക്കാൻ പുഷ്കരന് കഴിഞ്ഞില്ല.

**പദപരിചയം**

കോപമത്സരവശംവദഃ - കോപത്തിനും മത്സരത്തിനും കീഴടങ്ങപ്പെട്ട

| | | | | |
|---|---|---|---|---|
| ദ്വാപരേണ | - | ദ്വാപരനൊപ്പം | മേദിനീം | - ഭൂമിയിലേക്ക്. |
| ഗതഃ | - | പോയിട്ട് | അചോദയ | - പ്രേരിപ്പിച്ചു. |
| ജളൻ | - | വിഡ്ഢി | സ്വാപദേയം | - ധനം |
| ഹരണായ | - | അപഹരിക്കുക | സ്വാപദേ | - തനിക്കുതന്നെ ആപത്ത് |

- *അരികിൽ വന്നു..........................ചൊൽക*

**അരികിൽ വന്നു നിന്നതാരാണ്.എന്താണ് നിങ്ങളുടെ ആഗ്രഹം.എല്ലാം വേഗത്തിൽ പറയുക.**

(കലിയോടും ദ്വാപരനോടും എന്റെ അടുത്ത് വന്നത് ആരാണെന്ന് പഷ്കരൻ ചോദിക്കുന്നു. വന്നതാരാണെന്ന് അറിയാൻ  പുഷ്കരൻ തിരിഞ്ഞു നോക്കുന്നില്ല. തനിക്ക് അധികാരമില്ലാത്തതിനാൽ തന്നെ കൊണ്ട് ആർക്കും ഉപകാരമുണ്ടാവില്ല എന്ന് പുഷ്കരന് നന്നായി അറിയാം. അതുകൊണ്ട് തന്നെ തേടി ആരും വരില്ലെന്ന ബോധവും പുഷ്കരനുണ്ട്. എങ്കിലും വന്ന രണ്ടുപേർ തന്റെ അടുത്ത് വന്നു നിന്നപ്പോൾ ഇവർ തന്നെ കാണാൻ തന്നെ വന്നതാണെന്ന് പുഷ്കരൻ വിചാരിക്കുന്നു.അതുകൊണ്ടു തന്നെ വന്നവരോട് എന്താണ് നിങ്ങളുടെ ആഗ്രഹം എന്ന് പുഷ്കരൻ ചോദിച്ചു. എന്നാൽ പുഷ്കരന് അവരെ സംബന്ധിച്ച് ഒന്നും തന്നെ അറിയാൻ താൽപര്യമില്ലെന്ന് വേഗത്തിൽ പറഞ്ഞു തീർത്തോളു എന്നു പറയുന്നതിൽ നിന്നും വ്യക്തമാകും. വിസ്തരിച്ച് പറഞ്ഞ് സമയം പോക്കിയിട്ട് വലിയ ഫലമൊന്നും ഉണ്ടാവില്ല എന്ന് പുഷ്കരന് അറിയാം.ശല്യം ചെയ്യാതെ എന്താണ് പറയാനുള്ളതെന്നുവെച്ചാൽ വേഗം പറഞ്ഞ് പോ എന്ന ഭാവത്തിലാണ് പുഷ്കരൻ ഇത് പറഞ്ഞത്. ഈ വരികൾ പല്ലവിയായതിനാൽ ആവർത്തിച്ചു വരുന്നുണ്ട്. പിന്നീടുള്ള സന്ദർഭങ്ങളിൽ ഇത് പറയുമ്പോൾ ഭാവത്തിൽ മാറ്റമുണ്ടാകുന്നു. അഥവാ വേഗത്തിൽ പറയൂ എന്ന് പറയുന്നത് കുറച്ചുകൂടെ മയത്തിലാണെന്ന് കാണാം.)

**പദപരിചയം**

| | | | | | |
|---|---|---|---|---|---|
| അഭിമതം | - | ആഗ്രഹം | അഖിലം | - | മുഴുവൻ |
| ആശു | - | വേഗത്തിൽ | | | |

- *അറികയില്ലെങ്കിലും........................ ഝടിതി*

**അടുത്തു വന്നു നിന്നത് ആരാണെന്ന് അറിയില്ലെങ്കിലും തനിയ്ക്ക് അഭിമുഖമായി വന്നവരെ കണ്ട് മനസ്സിൽ പെട്ടെന്ന് ഒരു തെളിച്ചമുണ്ടായി.**

സാധരണയായി പുഷ്കരനെ കാണാൻ ആരും വരാറില്ല. എന്നാൽ ഇപ്പോൾ രണ്ടു പേർ തന്നെ കാണാൻ വന്നപ്പോൾ മനസ്സിൽ വല്ലാത്തൊരു മിന്നലാട്ടമുണ്ടായി. തന്നെകാണാൻ ചിലർ വന്നു എന്നത് പുഷ്കരനിൽ ഉണർവുണ്ടാക്കുന്നു.

**പദപരിചയം**

| | | | | | |
|---|---|---|---|---|---|
| ഉന്മിഷിതം | - | പ്രകാശിക്കൽ | ഝടിതി | - | പെട്ടെന്ന് |

- *ധരണിയിലുള്ള.................നമ്മെക്കാണ്മാൻ*

  **ഭൂമിയിലുള്ള മനുഷ്യർ എന്തു കാര്യത്തിനും നളനെച്ചെന്നു കാണും. അവർക്ക് ആവശ്യമായ കാര്യങ്ങൾ നളൻ സാധിച്ചു കൊടുക്കും. എന്നെ കാണാൻ ദൂരത്ത് നിന്ന് ആരും വരാറില്ല.**

ഭൂമിയിലുള്ളവർ നളനോടു മാത്രമേ അവരുടെ ആവശ്യങ്ങൾ പറയുകയുള്ളു. അവർക്ക് ആവശ്യമായതെന്തും നളൻ ചെയ്തു കൊടുക്കും. പുഷ്കരനെ കാണാനും ആവശ്യങ്ങൾ പറയാനും ആരും തന്നെ പോയിരുന്നില്ല. പോയാലും അധികാരമില്ലാത്തതിനാൽ അയാൾക്ക് ഒന്നും ചെയ്യാനാവുകയില്ല. തന്നെ കാണാൻ ആരും വരാത്തതിനാൽ അതിലുള്ള സങ്കടം പുഷ്കരനുണ്ട്. മാത്രമല്ല എല്ലാ അധികാരങ്ങളും സമ്പത്തും ഉള്ള നളനോടുള്ള അസൂയയും പുഷ്കരനിൽ നിറയുന്നതായി അടുത്ത സംഭാഷണത്തിൽ നമുക്ക് കാണാം.

**പദപരിചയം**

| | | | | |
|---|---|---|---|---|
| ധരണി | – | ഭൂമി | പരിഷകൾ – | കൂട്ടർ |

- *നമുക്കില്ലാ നാടു.................................നമുക്കൊന്നുള്ളൂ മുറ്റും*

  **എനിയ്ക്ക് അധികാരമുള്ള നാടും നഗരവുമില്ല.അധികാര ചിഹ്നങ്ങളായ കുടയും ചാമരവും ഇല്ല.ശത്രുക്കളെ അടിച്ചമർത്താവുന്ന വലിയ സൈന്യവും എനിക്കില്ല. ക്ഷത്രിയനെന്ന പേരു മാത്രമേ എനിക്കുള്ളു.**

ഈ വാക്കുകളിൽ തനിയ്ക്ക് ഒന്നും ഇല്ലാത്തതിന്റെ സങ്കടവും നളനോടുള്ള അസൂയവും നിറയുന്നത് നമുക്ക് കാണാം.തനിയ്ക്കു സ്വന്തമായി ഒരു രാജ്യമില്ല.സമ്പത്തില്ല അധികാരത്തിന്റേതായ ഒന്നും തന്നെയില്ല. സ്വന്തം ഇഷ്ടത്തിന് ഒന്നും ചെയ്യാനുള്ള സാഹചര്യം പോലുമില്ല. നളനോട് ശക്തമായ അസൂയും അമർഷവും അയാളിൽ നിറയുന്നുണ്ട് എന്ന് ഈ വാക്കുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാം. വീണ്ടും പാഠഭാഗത്ത് അരികിൽ എന്നു തുടങ്ങുന്ന പല്ലവി കാണാം. താൻ പറയുന്നതൊക്കെ കേട്ടു നിൽക്കുന്ന ഇവരോട് നേരത്തേ കാണിച്ചതിനേക്കാൾ താൽപര്യം ഇപ്പോൾ പുഷ്കരൻ കാണിക്കുന്നുണ്ട്.

**പദപരിചയം**

| | | |
|---|---|---|
| അമിത്രവീരന്മാർ | – | ശത്രുക്കളായ വീരന്മാർ |
| അമർക്കുക | – | അടിച്ചമർത്തുക |
| ബാഹുജൻ | – | ക്ഷത്രിയൻ |

- *പഴുതേ ഞാനെന്തേ........................നിങ്ങൾക്കൊന്നു വേണ്ടൂ.*

  **അയ്യോ ഞാൻ വെറുതേ പലവക കാര്യങ്ങൾ നിങ്ങളെ പറഞ്ഞു കേൾപ്പിച്ചു.ഇതെല്ലാം നിങ്ങളോട് പറയുന്നതെന്തിനാണ് ? നളന്റെ കർമം വേറെ എന്റെ കർമം വേറെ. എന്നെ കൊണ്ട് നിങ്ങൾക്ക് എന്ത് ഉപകാരമാണ് വേണ്ടത്.**

തന്നെ ആദ്യമായി കാണാൻ രണ്ടുപേർ വന്നതിലുള്ള ആവേശം കൊണ്ട് തന്റെ മനസ്സിലുള്ളതെല്ലാം. ഒന്നും ചിന്തിക്കാതെ പുഷ്കരൻ പറഞ്ഞുപോകുന്നു.. പക്ഷെ പെട്ടെന്നു തന്നെ അതു വേണ്ടായിരുന്നു എന്ന് പുഷ്കരന് തോന്നി. അതുമാത്രമല്ല ഇങ്ങനെയുള്ള കാര്യങ്ങൾ വന്നവരോടു പറഞ്ഞിട്ടെന്താണെന്നുകൂടി പുഷ്കരൻ ചിന്തിക്കുന്നു. പറഞ്ഞതു കൊണ്ട് ഒരു പ്രയോജനവുമില്ല. നളന്റെ കർമം ഒന്ന്, എന്റെ കർമം മറ്റൊന്ന്. ഇങ്ങനെ പറയുന്ന പുഷ്കരനിൽ നിരാശയും സങ്കടവും തന്നെയാണ് നിറഞ്ഞിരിക്കുന്ന

ത്. ഇതെല്ലാം പറഞ്ഞതിനു ശേഷം തന്നെ കൊണ്ട് എന്തുപകാരമാണ് നിങ്ങൾക്ക് വേണ്ടത് എന്ന് പുഷ്കരൻ ചോദിക്കുന്നു.

**പദപരിചയം**

പഴുതെ - വെറുതെ

- *പുഷ്കര,നീ...നിഷ്ഫലമാക്കരുതെ.*

**പുഷ്കരാ നീ നിന്റെ ജീവിതം വെറുതെ ഫലമില്ലാത്തതാക്കരുത്**

പുഷ്കരന്റെ സംഭാഷണങ്ങളിൽ നിന്നും അയാളുടെ മാനസികാവസ്ഥ തിരിച്ചറിഞ്ഞ കലി അയാളുടെ സുഹൃത്താണെന്ന ഭാവത്തിൽ പുഷ്കരനെ ഉപദേശിക്കുന്നു. നിന്റെ ജീവിതം വെറുതെയാക്കരുത് എന്നാണ് കലി പറയുന്നത്. പുഷ്കരന് ആത്മവിശ്വാസം നൽകി അയാളെ തന്റെ വരുതിയിലേക്കു കൊണ്ടു വരാനുള്ള കലിയുടെ തന്ത്രമാണ് ഇവിടെ കാണുന്നത്. പുഷ്കരൻ പറഞ്ഞ പഴുതെ എന്ന വാക്ക് വെറുതെയാണ് എന്ന സൂചന നൽകുന്നുവെങ്കിൽ കലി പറയുന്ന പഴുതെ എന്ന വാക്ക് അയാളിൽ ആത്മവിശ്വാസം നൽകാനാണ് ഉപയോഗിച്ചത്.

- *ദുഷ്കരമായിട്ടൊന്നുമില്ല ........................വെന്നു സമ്പ്രതി.*

**എന്റെ സഹായമുണ്ടെങ്കിൽ ബുദ്ധിമുട്ടുള്ളതായിട്ടൊന്നും തന്നെ ഉണ്ടാവുകയില്ല എന്നു നീ മനസ്സിലാക്കൂ.നളനും നീയും തമ്മിൽ എന്തു വ്യത്യാസമാണ് ഉള്ളത്. ഇപ്പോൾ നീ നളനെ തോൽപ്പിച്ച് നാടു വാഴണം(നളനെ തോൽപിച്ച് രാജാവാകണം.**

നീയും നളനും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നും നിനക്കും രാജാവാകാനുള്ള കഴിവും അർഹതയുമുണ്ടെന്ന് പറഞ്ഞ് പുഷ്കരനെ നളനെതിരെയുള്ള പടയൊരുക്കത്തിന് സജ്ജമാക്കുകയാണ് കലി ചെയ്യുന്നത്.മാത്രമല്ല എന്റെ സഹായമുണ്ടെങ്കിൽ എന്തും സാധ്യമാണ് എന്ന തോന്നലുണ്ടാക്കി ശക്തനായ ഒരു സുഹൃത്ത് തനിയ്ക്ക് ഉള്ളതിനാൽ വിചാരിച്ച കാര്യം നേടാം എന്ന ചിന്ത പുഷ്കരനിൽ നിറയ്ക്കാൻ കലി ശ്രമിക്കുന്നു.

**പദപരിചയം**

സമ്പ്രതി - ഇപ്പോൾ

- *നേരേ നിന്നോടെടോ...ചൂതുപൊരുക പൊരിക*

**വളച്ചുകെട്ടില്ലാതെ നേരെതന്നെ ഞാനാരാണെന്നു നിന്നോട് പറയാം. ഈ ലോകത്ത് എന്നെ അറിയാത്തവർ ആരും തന്നെയുണ്ടാവില്ല. ഞാൻ വൈരസേനിയുടെ (നളന്) ശത്രുവായ കലിയാണ്. നിനക്ക് ഞാൻ മിത്രമാണ്. അവന്റെ നാട് ഞാൻ നിനക്കു തരുന്നു.നീ ചൂതുകളിച്ച് അവനെ തോൽപിക്കാൻ തയാറാവൂ.**

കലി തന്നെ പുഷ്കരന് പരിചയപ്പെടുത്തുന്നു.ഞാൻ നിന്റെ ഏട്ടന്റെ ശത്രുവായ കലിയാണ്.എന്നാൽ നിനക്ക് ഞാൻ മിത്രമാണ് എന്നു പറഞ്ഞ് പുഷ്കരന് തന്നോടുള്ള അടുപ്പം വർദ്ധിപ്പിക്കാൻ കലി ശ്രമിക്കുന്നു.ഞാൻ ഞാൻ എന്ന് കലി ആവർത്തിച്ച് പറയുന്നത് കാണാം.കലിയുടെ അഹങ്കാരം ഇവിടെ വ്യക്തമാകും. തിന്റെ മിത്രമായ ഞാൻ ഈ രാജ്യം നിനക്ക് തരാൻ പോവുകയാണെന്നു പറഞ്ഞ് പുഷ്കരന്റെ ഉള്ളിൽ മോഹം വളർത്തുകയും അയാളോട് നളനുമായി ചൂതാട്ടത്തിലേർപ്പെടാൻ ആവശ്യപ്പെടുകയും ചെയ്തു.

**പദപരിചയം**

| | | | |
|---|---|---|---|
| പാര് - | ഭൂമി | വൈരി - | ശത്രു |
| വൈരസേനി - | നളൻ | ഇഹ - | ഇവിടെ |

തവ - നിന്റെ    തസ്യ - അവന്റെ
തേ - നിനക്ക്

- *നിൽക്ക മദീയമതേ.................വിടുക വനഭൂവി.*

  **നീ എന്റെ അഭിപ്രായത്തിൽ ഉറച്ചു നിൽക്കുക. അങ്ങനെയെങ്കിൽ ഇവിടെ നിനക്ക് വിജയം ഉറപ്പാണ്. ചൂതിൽ പണയം വെക്കാൻ ഒന്നുമില്ലെങ്കിലെന്താണ്. ചൂതുകളിയിൽ നീ എന്നെ പണയം വെച്ചോളൂ. ധനം,ധാന്യം നാട് തുടങ്ങിയവയെല്ലാം കൈക്കലാക്കി നളനെ കാട്ടിലേക്ക് വിടുക.**

നീ ഞാൻ പറയുന്ന കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കണമെന്നും അങ്ങനെ ചെയ്താൽ നിനക്ക് വിജയം ഉറപ്പാണെന്നും പറഞ്ഞ് പുഷ്കരന്റെ ഉള്ളിൽ വാശിയുണ്ടാക്കാൻ കലി ശ്രമിക്കുന്നു. ചൂതുകളിക്ക് പണയം വെക്കാൻ ഒന്നുമില്ലാത്തതിന്റെ പ്രശ്നമാണ് നിനക്കെങ്കിൽ എന്നെ തന്നെ പണയം വെച്ചോളു എന്നാണ് കലി പറഞ്ഞത്. ഇത് പുഷ്കരനെ സ്വാധീനിക്കാനുള്ള ഏറ്റവും വലിയ മാർഗമാണ്. കാരണം ഇപ്പോൾ മാത്രം പരിചയപ്പെട്ട കലി തന്നെ തന്നെ പുഷ്കരന് വേണ്ടി സമർപ്പിക്കുവാൻ തായാറാണെന്നു പറയുമ്പോൾ അയാളുടെ ആത്മാർത്ഥയിൽ സംശയിക്കാതെ ആ വാക്കുകളിൽ ആരും വീണുപോകും. ഇതിനുള്ള തന്ത്രം തന്നെയാണ് കലി സ്വീകരിച്ചത്. ഇങ്ങനെ ചൂതു കളിച്ച് നളന്റെ സർവ സമ്പത്തും കൈക്കലാക്കി അയാളെ കാട്ടിലേക്ക് പറഞ്ഞയക്കണമെന്ന തന്റെ അഭിപ്രായം നടപ്പിൽ വരുത്താനാണ് കലി പുഷ്കരനോട് ആവശ്യപ്പെടുന്നുത്.തന്റെ ആഗ്രഹം പൂർത്തിയാക്കാൻ കലി പുഷ്കരനെ പ്രലോഭിപ്പിക്കുന്നതിനാൽ പാഠത്തിന്റെ ശീർഷകം അനുയോജ്യമായതാണ്.

**പദപരിചയം**

മദീയമതേ - എന്റെ അഭിപ്രായത്തിൽ
വിക്രയം - പണയ വസ്തു.



## ചോദ്യശേഖരം

**1. ''പുഷ്കരനെ വിഡ്ഢി എന്ന് വിശേഷിപ്പിച്ചതിന് യോജിച്ച കാരണം വ്യക്തമാക്കുക.**

അതിഥികൾ ആരാണെന്നറിയാതെ മനസ്സിലുള്ളതെല്ലാം വെളിപ്പെടുത്തുന്നു.

**2. ''നേരേ നിന്നോടെടോ.....രറിയാതവർ ?'' - ഈ വാക്കുകളിലൂടെ കലി സ്ഥാപിക്കുന്നതെന്ത് ?**

തന്നെയറിയാത്തവായി ലോകത്താരുമില്ല.

**3. ''ദൂരത്തുന്നാരും വരികയില്ല നമ്മെക്കാണ്മാൻ'' - ഈ വരിയിൽ തെളിയുന്ന പുഷ്കരന്റെ മനോഭാവം എന്ത് ?**

അപകർഷബോധം

**4. ശ്ലോകത്തിൽ കഴിക്കുക എന്ന ശൈലികൊണ്ട് അർത്ഥമാക്കുന്നതെന്ത് ?**

ചുരുക്കിപ്പറയുക

**5. പുഷ്കരന്റെ സംഭാഷണത്തിൽ തെളിയുന്ന വസ്തുതകൾ എന്തെല്ലാം ?**

ആട്ടക്കഥാ സാഹിത്യത്തിലെ എക്കാലത്തെയും മികച്ച കൃതിയായ നളചരിതം ആട്ടക്കഥയിലെ രണ്ടാം ദിവസത്തിൽ നിന്നും എടുത്ത ചെറിയൊരു ഭാഗമാണ് പാഠഭാഗം.ദമയന്തീസ്വയംവരത്തിൽ പങ്കെടുത്ത് ദമയന്തിയെ സ്വന്തമാക്കാൻ കഴിയാത്തതിലും

ദമയന്തി നളനെ വരിച്ചതിലും കുപിതനായ കലി നളദമയന്തിമാരെ തമ്മിലകറ്റി രാജ്യത്തുനിന്നും അവരെ പുറത്താക്കുമെന്ന് ശപഥം ചെയ്തു.അതിനായി നളന്റെ അനുജനായ പുഷ്കരനെ സ്വാധീനിക്കാൻ ശ്രമിക്കുന്നതാണ് പാഠഭാഗം.ഇവിടെ കലിയെ കണ്ടപ്പോഴുള്ള പുഷ്കരന്റെ സംഭാഷണത്തിൽ നിന്നും അയാളുടെ മാനസികാവസ്ഥ വ്യക്തമാകുന്നു.

കലിയുമായുള്ള പുഷ്കരന്റെ സംഭാഷണത്തിൽ അവന്റെ ദൈന്യം വ്യക്തമാണ്.എല്ലാ ആളുകളും നളനെ ചെന്നുകാണുന്നതിലും തന്നെ ആരും കാണാൻ വരാത്തതിലുമുള്ള സങ്കടവും അമർഷവും വളരെയധികം പുഷ്കരന്റെ ഉള്ളിൽ നിറഞ്ഞു നിൽക്കുന്നു.കൂടാതെ നാടും നഗരവും വെൺകൊറ്റക്കുടയും ചാമരവും ശത്രുക്കളെ ഇല്ലായ്മ ചെയ്യുന്ന സൈന്യവും ഒന്നും തന്നെ തനിക്ക് ഇല്ലാത്തതിലും എന്നാൽ ഇതെല്ലാം നളനുള്ളതിലുമുള്ള അസൂയയും അയാൾക്കുണ്ട്.പുഷ്കരന്റെ വാക്കുകളിൽ അസംതൃപ്തിയും അസ്വാസ്ഥ്യവും നിറയുന്നു.

**6. കലിയുടെ വാക്കുകളിൽ തെളിയുന്ന വസ്തുതകൾ എന്തെല്ലാം ?**

സൂചന:

- പുഷ്കരനെ വശപ്പെടുത്താനുള്ള കലിയുടെ തന്ത്രം.
- ദമയന്തിയെ വിവാഹം കഴിക്കാൻ കഴിയാത്തതിലുള്ള പക.
- കലിയുടെ അഹംഭാവം(തന്നെ അറിയാത്തവരായി ആരുമില്ല എന്ന ചിന്ത)
- അന്യരിൽ വിശ്വാസം ജനിപ്പിക്കാനുള്ള സിദ്ധി.
- പൈശാചികത.
- പരപീഢയിൽ ആനന്ദം കണ്ടെത്തുന്ന മനോഭാവം.
- മൂഢനായ വഞ്ചകൻ.

**7. ''തനിക്കില്ലാ നാടും.....നമുക്കൊന്നുള്ളൂ മുറ്റും.''-ഈ വരികളിൽ തെളിയുന്ന പുഷ്കരന്റെ മാനസികാവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.**

ആട്ടക്കഥാ സാഹിത്യത്തിലെ നിസ്തുല പ്രതിഭ ശ്രീ ഉണ്ണായിവാര്യരുടെ അതിമനോഹരമായ കൃതിയാണ് നളചരിതം ആട്ടക്കഥ.ദമയന്തിയെ വരിക്കാൻ കഴിയാത്തതിലുള്ള കോപത്തിൽ നളദമ്പതിമാരെ അകറ്റി രാജ്യത്ത് നിന്ന് പുറത്താക്കാൻ ശപദം ചെയ്ത കലി നളന്റെ അനുജനെ കൂട്ടുപിടിക്കുന്നു.ഇവിടെ കലിയുമായുള്ള പുഷ്കരന്റെ സംഭാഷണത്തിൽ അറിയാതെ പറഞ്ഞുപോകുന്ന പുഷ്കരന്റെ സങ്കടങ്ങളാണീ വരികൾ.നാടും നഗരവും കുടയും വെൺചാമരവും ശത്രുക്കളെ ഇല്ലാതാക്കുന്ന വൻസൈന്യവുമൊന്നും തനിയ്ക്ക് ഇല്ല എന്ന അപകർഷതാബോധമാണ് പുഷ്കരന്റെ ഈ വരികളിലൂടെ തെളിയുന്നത്.അതായത് തനിക്ക് രാജ്യാധിപത്യമോ രാജചിഹ്നങ്ങളോ വൻസൈന്യമോ ഒന്നും തന്നെയില്ലല്ലോ എന്ന സങ്കടം കൂടിയാണിത്.കൂടാതെ ഇതെല്ലാം ഉള്ള നളനോടുള്ള അസൂയയും വരികളിൽ വ്യക്തമാകുന്നു.താൻ നാമമാത്രമായ ക്ഷത്രിയൻ മാത്രമാണെന്ന അപകർഷതാ ബോധവും പുഷ്കരനുണ്ട്.

**8. പ്രലോഭനം എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.**

പ്രലോഭനം എന്ന വാക്കിന് മോഹിപ്പിക്കുക പ്രലോഭിപ്പിക്കുക എന്നെല്ലാമാണ് അർത്ഥം.തനിക്ക് നാടോ നഗരമോ രാജ്യാധികാരമോ ഇല്ലാത്തതിനാൽ ഏറെ ദുഃഖിതനാണ് പുഷ്കരൻ.മാത്രമല്ല തികഞ്ഞ അസൂയയും അപകർഷതാ ബോധവും പുഷ്കരനിൽ നിറയുന്നു.ആരും തന്നെ കാണാൻ വരാതെ നളനെ കാണാൻ പോകുന്നത് പുഷ്കരനെ വേദനിപ്പിക്കുന്നു.ആത്മനിന്ദയും അസൂയയും എത്രമാത്രം അയാളിൽ നിറയുമെന്ന് ഈ വാക്കുകളിൽ നിന്നും മനസിലാക്കാം.പുഷ്കരന്റെ ഈ മാനസികഭാവം പ്രയോജനപ്പെടുത്തി അയാളിൽ രാജ്യമോഹവും അത്യാർത്തിയും നിറയ്ക്കുകയാണ് കലി. അതുവഴി കലി ആഗ്രഹിക്കുന്ന തലത്തിലേക്ക് പുഷ്കരൻ മാറുന്നു.ഇതിനുള്ള പ്രലോഭനം ഈ പാഠഭാഗത്ത്

നിറയുന്നു.അതുകൊണ്ട് ശീർഷകം അനുയോജ്യമാണ്.

**9. സ്വാപദേ,സ്വാപതേയ എന്നീ പദങ്ങളുടെ അർത്ഥ വ്യത്യാസം ഭാഷാപരമായ പ്രത്യേകതകൾ എന്നിവ വ്യക്തമാക്കുക.**

- ഇവിടെ ആദ്യാക്ഷരപ്രാസവും ദ്വിതീയാക്ഷരപ്രാസവും വരുന്നു.
- സ്വാപദേ തനിക്കുതന്നെ ആപത്ത് എന്നാണ് അർത്ഥം
- സ്വാപതേയ എന്നാൽ അന്യന്റെ ധനം എന്ന് അർത്ഥം.
- ധനം ആപത്തുണ്ടാക്കും.അത് അന്യന്റെ ധനമായാൽ കൂടുതൽ ആപത്തുണ്ടാകും എന്നാണ് ഈ പ്രയോഗത്തിലൂടെ വ്യക്തമാകുന്നത്
- ധനം ഒരു യോഗ്യതയല്ല. അധികമായാൽ അമൃതും വിഷമാണ്.

**10. കലി കഥാപാത്ര നിരൂപണം**

- കഥകളിയിലെ കറുത്ത താടി വേഷം
- പുഷ്കരനെ വശപ്പെടുത്താനുള്ള കലിയുടെ തന്ത്രം(പുഷ്കരനെ പ്രലോഭിപ്പിക്കുന്നു.)
- ദമയന്തിയെ വിവാഹം കഴിക്കാൻ കഴിയാത്തതിലുള്ള പകയാണ് മനസ്സിൽ നിറയെ.
- അഹംഭാവം (ഞാൻ,വിചാരിച്ചാൽ എന്തും നടക്കും എന്ന അഹംഭാവമാണ് മനസ്സ് നിറയെ.
- അന്യരിൽ വിശ്വാസം ജനിപ്പിക്കാനുള്ള ശക്തി(ഞാൻ നിനക്ക് മിത്രമാണ് എന്ന് പറയുന്നതിൽ നിന്നും പുഷ്കരനിൽ തന്നെക്കുറിച്ചുള്ള മതിപ്പ് വർദ്ധിപ്പിക്കുന്നു. മാത്രമല്ല ചൂത് കളിക്കാൻ പണയത്തിന് ഒന്നുമില്ലെങ്കിൽ, തന്നെ പണയം വെയ്ക്കാം എന്ന കലിയുടെ സംസാരവും പുഷ്കരനെ സ്വാധീനിക്കുന്നതാണ്.
- പരപീഡയിൽ ആഹ്ലാദിക്കുന്നവനാണ് കലി.
- മൂഢനായ വഞ്ചകനാണ് കലി.

**11. പുഷ്കരൻ കഥാപാത്രനിരൂപണം.**

- ദൈന്യം(തനിക്ക് നാടോ നഗരമോ ഇല്ലാത്തതിന്റെ ദുഃഖം
- നളനോടുള്ള അസൂയ(എല്ലാവരും നളനെ ചെന്ന് കാണുന്നതിലുള്ള അസൂയ.
- രാജ്യമോഹവും ധിക്കാരവും അസൂയയും പുഷ്കരനിൽ നിറയുന്നു.
- അസംതൃപ്തിയും അസ്വാസ്ഥ്യവും പുഷ്കരന്റെ വാക്കുകളിൽ നിറയുന്നു.
- മൂഢത്വം(കലിയുടെ സ്വാർഥ ചിന്ത മനസ്സിലാക്കാതെ കലിയെ വിശ്വസിക്കുന്നു)
- നളനോടുള്ള അമർഷം പുഷ്കരനിൽ നിറയുന്നു. ഒപ്പം താനാരുമല്ലെന്ന അപകർഷതാബോധവും

**12. ''പഴുതേ ഞാനെന്തേ പറഞ്ഞു കേൾപ്പിക്കുന്നു'' - പുഷ്കരൻ പറഞ്ഞു കേൾപ്പിച്ചത് എന്തെല്ലാം?**

നിഷദരാജ്യത്തെ രാജാവായ നളന്റെ അനുജനാണ് പുഷ്കരൻ.ഒരു തരത്തിലുമുള്ള ആവശ്യങ്ങൾ പറഞ്ഞു കൊണ്ട് തന്നെ ആരും കാണാൻ വരാത്തതിൽ പുഷ്കരന് വലിയ ദുഃഖമുണ്ട്.രാജ്യത്തെ ജനങ്ങളെല്ലാം നളനെയാണ് ചെന്നു കാണുന്നത്.അവരുടെ ആവശ്യങ്ങളെല്ലാം നളൻ സാധിച്ചുകൊടുക്കുകയും ചെയ്യും.തനിക്ക് ആരെയും സഹായിക്കാനുള്ള സാമ്പത്തികമില്ല.രാജ്യ ചിഹ്നമോ വെൺകൊറ്റക്കുടയോ വെൺചാമരമോ ശത്രുക്കളെ കീഴടക്കാനുള്ള സൈന്യമോ ഇല്ല. ക്ഷത്രിയൻ എന്ന പേര് മാത്രമാണ് കൂട്ടിന്.വളരെയധികം അപകർഷതാ ബോധത്തോടെയാണ് പുഷ്കരൻ ഇതെല്ലാം പറയുന്നത്.

**13. "പുഷ്കര നീ ജന്മം നിഷ്ഫലമാക്കരുതേ"**
**– ജന്മം നിഷ്ഫലമാക്കാതിരിക്കാൻ എന്തെല്ലാം തന്ത്രങ്ങളാണ് കലി നിർദ്ദേശിക്കു ന്നത്.?**

തനിക്ക് നാടും നഗരവും രാജ്യചിഹ്നങ്ങളായ വെൺകൊറ്റക്കുടയും വെൺചാമരവും സൈന്യങ്ങളും ഇല്ലാത്തതിനാൽ തികഞ്ഞ അപകർഷതാ ബോധത്തോടെയാണ് പുഷ്കരൻ സംസാരിക്കുന്നത്.പുഷ്കരന്റെ ഈ വാക്കുകളിലുള്ള നിരാശത ഇല്ലാതാക്കാനുള്ള വഴികൾ കലി ഉപദേശിക്കുന്നു.ഇങ്ങനെ ദുഃഖിച്ചിരിക്കുകയല്ല വേണ്ടത്.മറിച്ച് നളനെ പരാജയപ്പെടുത്തി രാജ്യാധികാരം നേടിയെടുക്കണം.അതിനായി നളനെ ചൂതിന് വിളിക്കണം. കളിക്കാനുള്ള പണയ വസ്തുവായി കാളയുടെ രൂപം പൂണ്ട തന്നെ ഉപയോഗിക്കാൻ കലി പറയുന്നു.തന്റെ ഭാഗത്തു നിന്നും എല്ലാ സഹായവും നളനെ തോൽപ്പിക്കാൻ ഉണ്ടാവുമെന്നും കലി ഉറപ്പുനൽകുന്നു.വെറുതെ ജന്മം നിഷ്ഫലമാക്കേണ്ടതില്ലെന്നും ശ്രമിച്ചാൽ എല്ലാം നേടിയെടുക്കാൻ കഴിയുമെന്നുള്ള ശുഭാപ്തി വിശ്വാസം കലി പുഷ്കരനിൽ ജനിപ്പിക്കുന്നു.

**14. "മിത്രത്തെ ദ്വേഷിപ്പാനായി മിത്രം മിത്രമാക്കി......."(എഴുത്തച്ഛൻ)**
**ഈ വരികളിലെ ആശയത്തെ പാഠസന്ദർഭവുമായി താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.**

പുഷ്കരൻ തന്റെ സങ്കടമെല്ലാം തുറന്ന് പറയുന്നത് കലിയോടാണ്. കലി തന്റെജന്മം നിഷ്ഫലമാക്കരുത് എന്ന് പുഷ്കരനെ ഉപദേശിക്കുന്നു. ഉപദേ ശങ്ങൾക്കെല്ലാം ഒടുവിൽ തന്റെ സഹായവും കലി വാഗ്ദാനം ചെയ്യുന്നു. നളനെ പരാജയപ്പെടുത്തി അധികാരം സ്വന്തമാക്കാൻ പുഷ്കരൻ ആഗ്രഹി ക്കുന്നു.കലി പുഷ്കരന്റെ മിത്രമല്ല.എന്നാൽ മിത്രമായി നടിക്കുകയാണ്. കലിയുടെ സഹായത്തോടെ നളനെ തോൽപ്പിച്ച പുഷ്കരൻ ഒരു ക്ഷത്രി യന് യോജിച്ച രീതിയിലല്ല പെരുമാറുന്നത്.ബന്ധുവിനെ തോല്പിക്കാൻ മറ്റൊരാളെ കൂട്ടു പിടിക്കുന്നവൻ വിഡ്ഢിയാണ്.താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴും.കലിയുടെ സഹായത്തോടെ കള്ളച്ചൂത് കളിച്ചാണ് തന്റെ അധികാരം പുഷ്കരൻ ഉറപ്പിക്കുന്നത്.ഇത്തരം നീക്കങ്ങൾ നടത്തു ന്നത് ഒരിക്കലും യോദ്ധാക്കൾക്ക് യോജിച്ചതല്ല.എന്നാൽ അധികാര കൊതി മൂത്ത പുഷ്കരൻ ഇത് തിരിച്ചറിയുന്നില്ല.

**15. പുഷ്കരനെ കലി പ്രലോഭിപ്പിക്കുന്നതെങ്ങനെ?**

- പുഷ്കരന്റെ കഴിവ്,അവകാശങ്ങൾ,അർഹതകൾ എന്നിവ പുഷ്കരനെ ബോധ്യപ്പെടുത്തുന്നു.
- കലി തന്റെ ശക്തിയും കഴിവും പുഷ്കരന് വേണ്ടി ഉപയോഗിക്കാം എന്ന് പറയുന്നു.
- പണയവസ്തു ഇല്ലാത്തതിനാൽ ദുഃഖിക്കേണ്ടെന്നും താൻ പണയവസ്തു ആകാമെന്നും പറയുന്നു.
- നളനെ കാട്ടിലയച്ച് പുഷ്കരനെ രാജാവാക്കാമെന്ന് മോഹിപ്പിക്കുന്നു.

**16. പഴുതേ എന്ന പദം കാവ്യഭാഗത്ത് രണ്ട് സന്ദർഭങ്ങളിൽ പ്രയോഗിച്ചിരിക്കുന്നു.രണ്ട് സന്ദർഭങ്ങളിലെയും ഭാവ വ്യത്യാസം കണ്ടെത്തി എഴുതുക.**

അധികാരം ഇല്ലാത്തതിന്റെ ദുഃഖവും അതൃപ്തിയും മനസ്സിൽ നിറച്ച് ജീവിക്കുന്ന പുഷ്കരൻ കലിയോട് തന്റെ ജീവിതാവസ്ഥകൾ വെളിപ്പെടുത്തുന്നു.തുടർന്ന് തന്റെ അവസ്ഥകളെ പഴിച്ചുകൊണ്ട് താൻ പറയുന്ന വാക്കുകൾ കലിയോട് പറഞ്ഞിട്ട് കാര്യമില്ലെന്ന് തിരിച്ചറിയുകയും *പഴുതേ ഞാനെന്തേ പറഞ്ഞു കേൾപ്പിക്കുന്നു* എന്ന് പുഷ്കരൻ നിരാശനാവുന്നു.ഇവിടെ വെറുതെ എന്ന അർത്ഥത്തിലാണ് പഴുതേ എന്ന പദം പ്രയോഗിച്ചത്.

എന്നാൽ കലി ഉപോയോഗിക്കുന്ന പഴുതെ എന്ന പദം പ്രതീക്ഷകൾ നിറയ്ക്കുന്നു.വെറുതെ പാഴാക്കാനുള്ളതല്ല ജീവിതം എന്നും സഫലമാക്കാവുന്നതിനെ വെറുതെ കളയരുതെന്നും സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്നുമാണ് കലി പറയുന്നത്.

**17. ''വൈരി വൈരസേനിക്കിഹ ഞാൻ കലി തവ ഞാൻ മിത്രം'' കലി ഇപ്രകാരം സ്വയം പരിചയപ്പെടുത്തുന്നതിന്റെ ഉദ്ദേശം എന്തായിരിക്കാം? വ്യക്തമാക്കുക.**

അധികാരം ഇല്ലാത്തതിനാൽ, തന്നെ കാണാൻ ആരും വരാറില്ല എന്ന് പുഷ്കരൻ പരിതപിക്കുന്നു.അതുകൊണ്ട് തന്നെ തനിക്കു മുന്നിലേക്കു വന്ന കലിയെപ്പോലും താത്പര്യത്തോടെയല്ല പുഷ്കരൻ കാണുന്നത്. അത് *വേഗത്തിൽ കാര്യം പറയുക* എന്ന പുഷ്കരന്റെ വാക്യത്തിൽ നിന്നും മനസ്സിലാക്കാം.ഇങ്ങനെ സങ്കടപ്പെട്ട് ജീവിതം പാഴാക്കേണ്ടതില്ല എന്ന് കലി ഉപദേശിക്കുന്നു.തന്റെ അരികിൽ വന്നത് ആര് എന്ന ചോദ്യത്തിന് കലിയാണെന്ന് പറഞ്ഞ് പരിചയപ്പെടുന്നതാണ് സന്ദർഭം.ഈ പരിചയപ്പെടുത്തൽ വ്യക്തമായ ഉദ്ദേശത്തോടെയുള്ളതാണ്.ശത്രുക്കൾക്ക് മാത്രമാണ് താൻ കലി എന്ന് കലി പറയുന്നു.പുഷ്കരന്റെ ശത്രുവായ നളൻ കലിയുടെയും ശത്രുവാണ്. എന്നാൽ കലി പറയുന്നത് താൻ നളന് ശത്രുവാണെങ്കിലും നിനക്ക് മിത്രമാണെന്നാണ്.കോപം,കലഹം,ക്രോധം തുടങ്ങിയ വികാരങ്ങളുടെ ഉടമയാണ് കലി. കോപം,കലഹം,തിന്മ എന്നിവയെല്ലാം കലിയുടെ സൈന്യങ്ങളാണ്. ഇങ്ങനെയൊക്കെ ആണെങ്കിലും താൻ തന്റെ മിത്രമാണെന്ന് കലി ഉറപ്പിച്ച് പറയുന്നു. തനിക്ക് അധികാരം നേടാൻ കഴിയുമെന്ന ആത്മവിശ്വാസം പുഷ്കരനിൽ നിറച്ച് തന്റെ ലക്ഷ്യം നേടാനാണ് കലി ശ്രമിക്കുന്നത്.

**18. പുഷ്കരനെ ജളൻ എന്ന് വിശേപ്പിച്ചിരിക്കുന്നത് എന്തുകൊണ്ടായിരിക്കാം ? വിശദമാക്കുക.**

തനിയ്ക്ക് ഒരു പരിചയവും ഇല്ലാത്തവരോട് തന്റെ മനസ്സ് തുറക്കുകയും തന്നെ ചതിക്കാൻ വന്നവരെ തിരിച്ചറിയാതെ അവരുടെ വാക്കുകൾ കേട്ട് പ്രവർത്തിക്കുകയും ചെയ്തതുകൊണ്ടാണ് പുഷ്കരനെ ജളൻ എന്നു വിശേഷിപ്പിച്ചത്.

**19. ''ധരണിയിലുള്ള പരിഷകൾ....നമ്മെക്കാണ്മാൻ'' - ഈ വരികളിൽ നിന്നും പുഷ്കരൻ എന്ന കഥാപാത്രത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകൾ നമുക്ക് ലഭിക്കുന്നു ?**

അധികാരമില്ലാത്തതിലുള്ള അസ്വസ്ഥതകൾ മനസ്സിൽ കൊണ്ടു നടക്കുന്ന കഥാപാത്രമാണ് പുഷ്കരൻ. ഭൂമിയിലുള്ളവർ യാതൊരാവശ്യത്തിനും തന്നെ സമീപിക്കാതെ നളനെ സമീപിക്കുന്നതിൽ ശക്തമായ അമർഷം അയാൾക്കുണ്ട്. തനിയ്ക്ക് ഒന്നും തന്നെയില്ല എന്ന് ചിന്തിച്ച് അതിലുള്ള അപകർഷബോധവുമായാണ് അയാൾ നിൽക്കുന്നത്. ഈ ഒരു നിരാശ അയാളുടെ വിവേകത്തെ തന്നെയാണ് ഇല്ലാതാക്കുന്നത്.ക്ഷത്രിയനെന്ന പേര് മാത്രമെ തനിയ്ക്ക് സ്വന്തമായുള്ളു എന്ന പുഷ്കരന്റെ വാക്കുകളിൽ ക്ഷത്രിയനായിട്ടും സ്വയം തീരുമാനങ്ങളെടുക്കാനും അവ നടപ്പിലാക്കുവാനും കഴിയാത്തതിലുള്ള പ്രതിഷേധമാണ് നിറഞ്ഞിരിക്കുന്നത്.

**20. ''നേരേ നിന്നോടെടോ.........ചൂതുപൊരുക പോരിക''**

**കലി സ്വയം പരിചയപ്പെടുത്തുന്ന വാക്കുകൾ പുഷ്കരനിൽ മാറ്റംവരുത്തുവാൻ പര്യാപ്തമാണോ ? നിരീക്ഷണക്കുറിപ്പ് തയാറാക്കുക.**

തന്റെ ആവശ്യം സാധിക്കുവാൻ വളരെ സമർത്ഥമായ രീതിയിലാണ് കലി ശ്രമിക്കുന്നത്. തനിയ്ക്കു മുന്നിൽ വന്നവർ ആരാണെന്നുപോലും ചിന്തിക്കാതെ തന്റെ ഉള്ളിലുള്ളതെല്ലാം പുഷ്കരൻ പറയുമ്പോൾ തന്നെ അയാളുടെ മാനസ്സികാവസ്ഥ കലിയ്ക്ക് മനസ്സിലാകുന്നു.ഈ അവസരം മുതലെടുത്ത് അയാളെ തന്റെ വഴിയിലേക്ക് കൊണ്ടുവരാനാണ് കലിയുടെ ശ്രമം അതിനായി

ഞാൻ വലിയവനാണ് എന്ന് അയാൾ സ്വയം പുകഴ്ത്തുന്നുണ്ട്. തന്റെ സഹായമുണ്ടെങ്കിൽ ആരും ജയിക്കും എന്ന കലിയുടെ വാക്ക് കേട്ടാൽ അധികാരം കൊതിക്കുന്ന പുഷ്കരൻ തീർച്ചയായും കലിയുടെ സഹായം സ്വീകരിക്കും.അതിനു വേണ്ടി തന്നെയാണ് നളന്റെ ശത്രുവായ ഞാൻ നിനക്ക് മിത്രമാണെന്ന് കലി പറയുന്നത്. തന്റെ അവസ്ഥ മനസ്സിലാക്കി തന്നോട് അനുഭാവം പ്രകടിപ്പിക്കുന്ന കലിയോട് തീർച്ചയായും സൗഹൃദം സ്ഥാപിക്കാൻ പുഷ്കരൻ ശ്രമിക്കും. ഞാൻ ഞാൻ എന്ന് കലി ആവർത്തിച്ച് പറയുമ്പോൾ തന്റെ മുന്നിലുള്ളത് കരുത്തനായ ഒരു വ്യക്തിയാണ് എന്ന ബോധം പുഷ്കരനിൽ ഉണ്ടാകും. അതുകൊണ്ട് കലിയുടെ പരിചയപ്പെടുത്തൽ പുഷ്കരനെ സ്വാധീനിക്കാൻ കഴിയുന്നതാണെന്ന്  നമുക്ക് മനസ്സിലാക്കാം.

**21. "പുഷ്കര നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ"**
**"ദുഷ്കരമായിട്ടൊന്നുമില്ല കേൾ**
**മത്സഹായമുണ്ടായാലേവനും" - പുഷ്കരനെ പ്രലോഭിപ്പിക്കുന്നതിന് കലിയുടെ ഈ വാക്കുകൾ എത്രമാത്രം പര്യാപ്തമാണ്? വിലയിരുത്തി കുറിപ്പ് തയാറാക്കുക.**

പുഷ്കരനെ പ്രലോഭിപ്പിക്കാൻ ചോദ്യത്തിൽ കൊടുത്ത വാക്കുകൾക്ക് സാധിക്കും. തനിയ്ക്ക് ഒന്നുമില്ലെന്ന് നിരാശനാകുന്ന പുഷ്കരനെ ആശ്വസിപ്പിക്കാനും പ്രചോദനം നൽകാനും കലി ശ്രമിക്കുമ്പോൾ ഒറ്റപ്പെടൽ അനുഭവിക്കുന്ന കലിയ്ക്ക് അത് ആശ്വാസമായി തീരും. മാത്രമല്ല തന്നെ മനസ്സിലാക്കി അനുഭാവം കാണിക്കുന്ന കലിയോട് അയാൾക്ക് അടുപ്പമുണ്ടാവുകയും ചെയ്യും. തന്റെ സഹായമുണ്ടെങ്കിൽ ആർക്കും എന്തും സാധ്യമാണ് എന്ന് കലി പറയുമ്പോൾ സ്വാഭാവികമായും തന്റെ മുന്നിലുള്ളത് കരുത്തനായ വ്യക്തിയാണെന്ന ബോധം പുഷ്കനിൽ ഉണ്ടാവും.നളനും നീയും തമ്മിൽ ഒരു വ്യത്യസവുമില്ല എന്നു പറയുമ്പോൾ തന്നെ അത് പുഷ്കരനിൽ ആത്മവിശ്വാസം നിറയ്ക്കും. നളനെ തോൽപിച്ച് നീ ഇപ്പോൾ തന്നെ നാടു വാഴണം എന്ന് കലി പറയുന്നത് വളരെയേറെ ലാഘവത്തോടെയാണ്. അങ്ങനെ പറയുമ്പോൾ നളനെ പരാജയപ്പെടുത്തുക എന്നത് വളരെ എളുപ്പത്തിൽ സാധിക്കുന്നതാണ് എന്ന തോന്നലാണ് പുഷ്കരനിൽ ഉണ്ടാക്കുക. അങ്ങനെ അയാൾ കലി പറയുന്നതുപോലെ പ്രവർത്തിക്കും.

**22. ശൈലികൾ വ്യാഖ്യാനിക്കുക.**

| ശൈലി | അർത്ഥം |
|---|---|
| കേളികൊട്ട് | ആരംഭം |
| ധനാശിപാടുക | അവസാനിപ്പിക്കുക(മംഗളംപാടുക) |
| കലാശംചവിട്ടുക | അവസാനിപ്പിക്കുക(മംഗളംപാടുക) |
| ഒത്തുപറയുക | ഒപ്പം പറയുക |
| ശ്ലോകത്തിൽ കഴിക്കുക | ചുരുക്കിപ്പറയുക |
| കച്ചകെട്ടുക | ഒരുങ്ങുക |
| നളപാചകം | നല്ലപാചകം |

ശ്രീനേഷ്.എൻ
Ph: 9645887266
എച്ച്.എസ്.ടി മലയാളം
ജി.എച്ച്.എസ്.പേരാമ്പ്ര പ്ലാന്റേഷൻ
പേരാമ്പ്ര-കോഴിക്കോട്